| ഗസറ്റ് തീയതി **09-07-2013**<br>അവസാനതീയതി **07-08-2013** |
|---|
| **Category No: 149/2013** |

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയുടെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹത നിശ്ചയിക്കുന്ന എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽപ്പെടുന്ന ( 1. ബൈൻഡർ, 2. അറ്റന്റർ, 3. ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ, 4. ഡഫേദാർ, 5. വാച്ച്മാൻ (റഗുലർ എസ്റ്റാബ്ലിഷ്മെന്റ്) 6. പ്യൂൺ, 7. ഇലക്ട്രിസിറ്റി വർക്കർ, 8. ലൈൻമാൻ ഗ്രേഡ് I–ം, ഗ്രേഡ് II–ം, ഫുൾടൈം കിജന്റ് എംപ്ലോയീസ് എന്നീ തസ്തികകളിൽ ബോർഡിൽ ജോലി ചെയ്യുന്നവർക്കായി നീക്കിവച്ചിട്ടുള്ളത് ) ലോവർ ഗ്രേഡ് തസ്തികകളിൽ ജോലി നോക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1). <u>വിദ്യാഭ്യാസ യോഗ്യത</u>:–

i). എസ്.എസ്.എൽ.സി. പാസ്സായിരിക്കണം

ii). വൈദ്യുതി ബോർഡിലെ സബോർഡിനേറ്റ് സർവ്വീസിൽ 5 വർഷത്തിൽ കുറയാത്ത സ്ഥിര സേവനം പൂർത്തിയാക്കിയിരിക്കണം. (പ്രീഡിഗ്രിയോ, തത്തുല്യമായ യോഗ്യതയോ ഉള്ളവർക്ക് ബോർഡിലെ 3 വർഷത്തെ സർവ്വീസ് മതിയാകും.)

2). <u>പ്രായപരിധി</u>:– ബാധകമല്ല.

3). <u>പരീക്ഷ:–</u> ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യ നിർണ്ണയം) ഒരു മണിക്കൂർ 15 മിനിട്ട് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ

4). <u>അപേക്ഷാ ഫീസ്</u>:– ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല

5). <u>അപേക്ഷ അയക്കേണ്ട രീതി</u>:– അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. <u>വിശദ വിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.</u>

<u>കുറിപ്പ്</u>:– i). വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii). അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പ രീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

iii). കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.

6). <u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി</u> :- **07/08/2013** ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ.